(ബി) ഇതിൽ എത്ര ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്; ഈ വർഷം ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി;

(സി) കശുവണ്ടിപ്പരിപ്പിന്റെ ഉല്പാദന ചെലവ് കുറയ്ക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നിർദ്ദേശത്തോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30 ഫാക്ടറികൾ

(ബി) ഇപ്പോൾ ഒന്നുംതന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നില്ല. ഈ വർഷം ഇതുവരെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉല്പാദനച്ചെലവ് വ്യവസായം നിലനിർത്തുന്നതിനാവശ്യമായ നിലയിലേയ്ക്ക് കുറച്ചുകൊണ്ട് വരികയാണ് സർക്കാരിന്റെ ഉദ്ദേശം. അതിനായി കോർപ്പറേഷനിൽ വർക്ക് പ്രാക്ടീസ് ചെയിഞ്ചു ചെയ്യുന്നതും ഉല്പാദനക്ഷമത കൈവരിക്കുന്നതും സംബന്ധിച്ച് യൂണിയനുകളുമായി പല കാര്യങ്ങളിലും ധാരണയായിട്ടുണ്ട്. ഈ ധാരണയുടെ അടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുന്നതു സംബന്ധിച്ച ഒരു ധാരണാപത്രം കോർപ്പറേഷൻ ഗവൺമെന്റുമായി ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ

32 [486] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാത്തതിന്റെ കാരണം എന്താണ്;

(ബി) സർക്കാർ ഉടമകൾക്ക് വിട്ടുകൊടുത്ത നാല് ഫാക്ടറികൾ മൂന്ന് കൊല്ലമായിട്ടും തുറന്നിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫാക്ടറികൾ വീണ്ടും സർക്കാർ ഏറ്റെടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമ്പത്തിക പരാധീനതയും പ്രവർത്തനമൂലധനത്തിന്റെ അഭാവവും ബാങ്ക് വായ്പ ലഭ്യമായിട്ടില്ലാത്തതും കാരണമാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-4-2002-ലും 27-12-2002-ലും ഉള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് 4 ഫാക്ടറികൾ സ്വകാര്യ ഉടമകൾക്ക് തിരികെ നൽകിയത്. കോടതിയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാത്തതിനാൽ സ്വകാര്യ ഉടമകളുടെ പേരിൽ കോടതിയലക്ഷ്യ ഹർജി കശുവണ്ടി വികസന കോർപ്പറേഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായത്തിന് പ്രോത്സാഹനം

33 [487] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമ്പരാഗത വ്യവസായ സഹായനിധി എന്ന പേരിൽ അടുത്ത മൂന്നു വർഷത്തേയ്ക്ക് നീണ്ടു നിൽക്കുന്ന തരത്തിൽ 500 കോടി രൂപയുടെ ഒരു നിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ആയതിന് 2003-2004 വർഷം 50 കോടി രൂപ വകയിരുത്തുകയും ചെയ്തു.

കയർമേഖലയിൽ ഗവേഷണവും വികസനവും, കയർ പിത്ത് ഉപയോഗിച്ചുള്ള ഊർജ്ജ ഉൽപ്പാദനം, പഠനം, മാർജിൻ മണി വായ്പ, സ്വയം സഹായ സംഘങ്ങൾക്കു വായ്പ, മഹിള കയർ വികസന പദ്ധതി തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. കരകൗശല മേഖലയ്ക്കു പ്രത്യേക പരിഗണന നൽകുമെന്നും രണ്ടു കോടി രൂപ ഇതിലേയ്ക്ക് മാറ്റി വച്ചിട്ടുണ്ടെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. മുള വ്യവസായാധിഷ്ഠിതമായ വ്യവസായങ്ങളെ പരിപോഷിക്കുന്നതിനായി സംസ്ഥാന ബാംബു മിഷൻ രൂപീകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ വികസന കോർപ്പറേഷന്റെ വായ്പാബാദ്ധ്യത ഗഡുക്കളായി നൽകാൻ ഉത്തരവായി. ആയതു നൽകി ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കുന്നതാണ്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ സംസ്ഥാന പദ്ധതി പ്രകാരം നിലവിലുള്ള തൊഴിലാളികൾക്ക് തുടർന്നും തൊഴിൽ നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ഗ്രാമീണ തൊഴിൽ ദാന പദ്ധതിപ്രകാരം പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റി രൂപവൽക്കരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly